LIBRARY ARCHIVES Kerala Legislative Assembly

## കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ നിയമനങ്ങളിലെ സംവരണം

**39 (1699)** ശ്രീ. കെ. വി. അബ്ദുൾ ഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ശാസ്ത്ര-സാങ്കേതിക-പരിസ്ഥിതി കൗൺസിലിന്റെയും അതിനുകീഴിലുള്ള വിവിധ സ്ഥാപനങ്ങളിലെയും നിയമനങ്ങൾക്കായുള്ള വിജ്ഞാപനങ്ങൾ പുറപ്പെടുവിക്കുമ്പോൾ പട്ടികജാതി, പട്ടികവർഗ്ഗ, മറ്റുപിന്നോക്ക വിഭാഗ സംവരണ തത്വങ്ങളും അനുബന്ധ നിയമങ്ങളും പാലിച്ചുകൊണ്ടുള്ള തസ്തിക തിരിച്ചുള്ള വിശദാംശങ്ങൾ വിജ്ഞാപനത്തിൽ നൽകാറുണ്ടോ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത സ്ഥാപനങ്ങളിൽ നിയമനങ്ങൾ നടത്തുമ്പോൾ പ്രസ്തുത വിഭാഗങ്ങളുടെ സംവരണ തസ്തിക, റിസർവേഷൻ രജിസ്റ്റർ, റൊട്ടേഷൻ രജിസ്റ്റർ എന്നിവ സൂക്ഷിക്കുകയും അതു പിൻതുടരുകയും ചെയ്യാറുണ്ടോ?

### ഉത്തരം

(എ) കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിലും അനുബന്ധ ഗവേഷണ സ്ഥാപനങ്ങളിലും സയന്റിസ്റ്റ് തസ്തികകളും ഡയറക്ടർ തസ്തികകളും ഒഴിച്ചുള്ള എല്ലാ ഒഴിവുകളും നികത്തുന്നത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം സംവരണ തത്വങ്ങൾ പാലിച്ചുകൊണ്ടാണ്. സയന്റിസ്റ്റുകളുടെ ഒഴിവിലേക്ക് വിജ്ഞാപനം നടത്തുമ്പോൾ സംവരണതത്വങ്ങൾ പാലിച്ചുകൊണ്ടാണ് നിയമനം നടത്തുകയെന്ന് പ്രത്യേകം രേഖപ്പെടുത്താറുണ്ട്. എന്നാൽ തസ്തികതിരിച്ചുള്ള സംവരണ വിശദാംശങ്ങൾ നൽകാറില്ല.

(ബി) ഓരോ കാറ്റഗറിയിലും ഓരോ ഒഴിവുകൾ വീതം മാത്രമുള്ളതിനാൽ സമാന തസ്തികകൾ ഒന്നായി കണക്കാക്കി മാത്രമേ സംവരണം നൽകാൻ കഴിയൂ എന്നതിനാൽ ഓരോ കാറ്റഗറിക്കും പ്രത്യേകം സംവരണം ഏർപ്പെടുത്തുവാൻ കഴിയുകയില്ല.

(സി) നിലവിൽ സൂക്ഷിച്ചിട്ടില്ല. ഇതിനാവശ്യമായ രജിസ്റ്ററുകൾ ഭാവിയിൽ സൂക്ഷിക്കുന്നതായിരിക്കും.

## സർക്കാർ ജീവനക്കാരുടെ പ്രവൃത്തിദിനങ്ങൾ

**40 (1700)** ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ പ്രവൃത്തിദിനങ്ങൾ അഞ്ച് ദിവസമായി ഏകീകരിക്കുന്ന പദ്ധതി സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ നൽകാമോ?

### ഉത്തരം

(എ & ബി) ഇപ്പോൾ പരിഗണനയിലില്ല.